പുതിയ അൺഎയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി

35 [1136] ഡോ. തോമസ് ഐസക് :

ശ്രീ. വി. കെ. ചന്ദ്രൻ :

,, എം. വി. ജയരാജൻ :

,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അൺഎയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള വ്യത്യാസം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന 1871 സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ടി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം സർക്കാർ സ്കൂളുകളിൽ 61,036 കുട്ടികളും, എയ്ഡഡ് സ്കൂളുകളിൽ 18,999 കുട്ടികളുടേയും കുറവുണ്ടായിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളിൽ 21,537 കുട്ടികൾ കൂടിയിട്ടുണ്ട്.

ഹയർ സെക്കന്ററി അദ്ധ്യാപക ഒഴിവുകൾ

36 [1137] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി മേഖലയിൽ അദ്ധ്യാപക തസ്തികകളിൽ ഏതെല്ലാം വിഷയങ്ങളിൽ എത്ര വീതം ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഈ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) അദ്ധ്യാപക തസ്തികകളിൽ നോൺ ജോയിനിംഗ് ആയി വന്ന ഒഴിവുകൾ എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളുകളിൽ നിലിവിലുള്ള HSST/HSST (Junior) വേക്കൻസികളുടെ എണ്ണം വിഷയം തിരിച്ച് താഴെ കൊടുക്കുന്നു : ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വിഷയം	HSST	HSST (Junior)
മാത്സ്	117	21
ഫിസിക്സ്	126	27
കെമിസ്ട്രി	43	5
ഇംഗ്ലീഷ്	30	..
കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്	1	..
മലയാളം	82	89
ബോട്ടണി	5	94
സുവോളജി	5	104
സ്റ്റാറ്റിസ്റ്റിക്സ്	5	..
കോമേഴ്സ്	130	188
ഇക്കണോമിക്സ്	113	12
ഹിസ്റ്ററി	25	..
പൊളിറ്റിക്സ്	9	..
ജേർണലിസം	1	..
സോഷ്യൽ വർക്ക്	3	..
കമ്പ്യൂട്ടർ സയൻസ്	60	8
സംസ്കൃതം	..	5
ഹിന്ദി	..	21
തമിഴ്	1	..
അറബിക്	..	62
ഉറുദു	..	13

(സി & ഡി) നോൺ ജോയിനിംഗ് ആയി വന്ന വേക്കൻസികൾ HSST വിഭാഗത്തിൽ 81-ഉം HSST (Junior) വിഭാഗത്തിൽ 550 ആണുള്ളത്. ഇതിൽ 78 HSST ഒഴിവുകളും 494 HSST (Junior) ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി ഉള്ളവയും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

GPM. 2/154/2013—10

LIBRARY ARCHIVES Kerala Legislative Assembly